നോട്ട് നിരോധനം: കേന്ദ്രം മാപ്പ് പറയണമെന്ന് വി.എസ്

തിരുവനന്തപുരം: റിസർവ് ബാങ്കിന്റെ പുതിയ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ, നോട്ട് നിരോധനവുമായി ബന്ധപ്പെട്ട എല്ലാ തലതിരിഞ്ഞ നടപടികളും പിൻവലിച്ച് കേന്ദ്ര സർക്കാർ ജനങ്ങളോട് മാപ്പ് പറയണമെന്ന് വി.എസ്. അച്യുതാനന്ദൻ ആവശ്യപ്പെട്ടു. കോർപറേറ്റുകൾക്കും കുത്തകകൾക്കും കള്ളപ്പണക്കാർക്കും വേണ്ടി വിടുവേല ചെയ്യുകയായിരുന്ന നരേന്ദ്രമോദി സർക്കാരെന്നാണ് പാർലമെന്ററി കമ്മിറ്റിക്ക് റിസർവ് ബാങ്ക് നൽകിയ സബ്മിഷനിൽ പറയുന്നത്. നോട്ട് നിരോധനത്തിന്റെ തലേദിവസം ആയിരത്തിന്റെയും അഞ്ഞൂറിന്റെയും നോട്ടുകൾ പിൻവലിക്കാൻ സർക്കാർ റിസർവ് ബാങ്കിന് നിർദ്ദേശം നൽകിയിരുന്നുവെന്ന് ആർ. ബി. ഐ വ്യക്തമാക്കിയിരിക്കുകയാണ്. അദാനിമാർക്കും അംബാനിമാർക്കും കള്ളപ്പണക്കാർക്കും വേണ്ടി ഇന്ത്യയിലെ സാധാരണക്കാരെ പിഴിഞ്ഞൂറ്റുകയാണ് മോദി സർക്കാരെന്നും വി.എസ് പറഞ്ഞു.

www.keralakaumudi.com www.facebook.com/keralakaumudidaily

യൂത്ത് കോൺഗ്രസ് മാർച്ചിൽ സംഘർഷം; കല്ലേറ്, ജലപീരങ്കി

തിരുവനന്തപുരം: കഴുത്തറുത്തുണ്ടി ഇറക്കുമതിയിൽ അഴിമതി ആരോപണ വിധേയയായ മന്ത്രി ജെ. മേഴ്സിക്കുട്ടിഅമ്മയും കൊലക്കേസ് പ്രതിയായ മന്ത്രി എം. എം. മണിയും രാജി വയ്ക്കണമെന്ന് ആവശ്യപ്പെട്ട് യൂത്ത് കോൺഗ്രസ് പ്രവർത്തകർ നടത്തിയ സെക്രട്ടേറിയറ്റ് മാർച്ചിൽ സംഘർഷം. മണിക്കുറുകളോളം ഗതാഗതം തടസപ്പെടുത്തിയുള്ള പ്രതിഷേധത്തിന് നേരെ പൊലീസ് ജലപീരങ്കി പ്രയോഗിച്ചു. പ്രവർത്തകരെ അറസ്റ്റ് ചെയ്താണ് നീക്കിയത്.

ഇന്നലെ ഉച്ചയോടെയാണ് പ്രവർത്തകർ പ്രതിഷേധവുമായി സെക്രട്ടേറിയറ്റിന് മുന്നിലെത്തിയത്. യൂത്ത് കോൺഗ്രസ് ദേശീയ ജനറൽ സെക്രട്ടറി രവീന്ദ്രദാസ് മാർച്ച് ഉദ്ഘാടനം ചെയ്തു. അഴിമതിക്കാരായ മന്ത്രിമാരെ പുറത്താക്കാൻ മുഖ്യമന്ത്രി തയ്യാറാകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. തുടർന്ന് സംസ്ഥാന പ്രസിഡന്റ് ഡീൻ കുര്യാക്കോസ് സംസാരിച്ച് കഴിഞ്ഞശേഷം പ്രവർത്തകർ മന്ത്രിമാരുടെ കോലം കത്തിച്ചു. ബാരിക്കേഡ് തകർക്കാൻ ശ്രമം ആരംഭിച്ചതോടെ പൊലീസ് രണ്ടു തവണ ജലപീരങ്കി പ്രയോഗിച്ചു. ഇതേത്തുടർന്ന് പ്രവർത്തകർ പൊലീസിനു നേരെ കസേരകളും കല്ലുകളും വലിച്ചെറിഞ്ഞു. പൊലീസുകാരും പ്രവർത്തകരും തമ്മിൽ ഏറെനേരം ഉന്തും തള്ളുമുണ്ടായി. ഇതിനിടയിൽ സജിനെന്ന പ്രവർത്തകന് പരിക്കേറ്റു. ഇയാളെ പൊലീസ് വാഹനത്തിൽ ആശുപത്രിയിലേക്ക് കൊണ്ടുപോയി.

മുദ്രാവാക്യം വിളികളുമായി കുത്തിയിരുന്ന പ്രതിഷേധിച്ചപ്രവർത്തകരെ പിന്നീട് അറസ്റ്റ് ചെയ്ത് നീക്കുകയായിരുന്നു. സംസ്ഥാന പ്രസിഡന്റ് ഡീൻ കുര്യാക്കോസ്, വി നോദ് യേശുദാസ്, ലീന, ആർ. രാജീവ് കൃഷ്ണ, യൂസഫ് കല്ലറ, ഷിബു വർക്കല, എസ്. എം. ബാലു, വർക്കല ഷിബു, അരുൺ, വിനോദ് കോട്ടുകാൽ, സുധീർഷാ, ശരത് എന്നിവർ നേതൃത്വം നൽകി.

മന്ത്രിമാരായ എം. എം. മണിയും, മേഴ്സിക്കുട്ടിഅമ്മയും രാജിവയ്ക്കുക എന്നാവശ്യപ്പെട്ട് യൂത്ത്കോൺഗ്രസിന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിലേക്ക് നടത്തിയ മാർച്ചിൽ പങ്കെടുത്ത യൂത്ത്കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറിലീനയെ പൊലിസ് അറസ്റ്റ് ചെയ്ത് നീക്കുന്നു ഫോട്ടോ: എസ്. ജയചന്ദ്രൻ

കെ.എസ്.ആർ.ടി.സി പെൻഷൻ മുടങ്ങുന്നതിൽ പ്രതിഷേധം

തിരുവനന്തപുരം: കെ. എസ്. ആർ. ടി. സിയിൽ നിന്ന് വിരമിച്ച ജീവനക്കാർക്ക് കൃത്യമായി പെൻഷൻ തുക നൽകാത്തതിൽ പ്രതിഷേധിച്ച് പെൻഷണേഴ്സ് ഓർഗനൈസേഷൻ സെക്രട്ടേറിയറ്റിന് മുന്നിലേക്ക് മാർച്ച് നടത്തി. സി. ഐ. ടി. യു. സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു.

വിവിധ യൂണിയനുകളെ പ്രതിനിധീകരിച്ച് കെ. പി. ശങ്കരദാസ്, ആർ. ശശിധരൻ, രാഹുൽ, ദിലീപ് കുമാർ, കെ. ജോൺ, പി. എ. മുഹമ്മദ് അഷറഫ്, എ. സെയ്നുല്ലാബ്ദീൻ തുടങ്ങിയവർ സംസാരിച്ചു.

പെൻഷൻ വിതരണം സർക്കാർ ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് കെ.എസ്. ആർ. ടി. സി പെൻഷണേഴ്സ് ഓർഗനൈസേഷന്റെ നേതൃത്വത്തിൽ നടത്തിയ സെക്രട്ടേറിയറ്റ് ധർണ

പൊലീസ് ക്വാർട്ടേഴ്സുകളിൽ വിജിലൻസ് പരിശോധന

തിരുവനന്തപുരം: തലസ്ഥാനത്ത് പൊലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപറേഷൻ (കെ. പി. എച്ച്. സി. സി) പണിത ക്വാർട്ടേഴ്സുകളിൽ വിജിലൻസ് പരിശോധന നടത്തി. പേരൂർക്കട എസ്. എ. പി ക്യാമ്പിലെ ക്വാർട്ടേഴ്സുകളുടെ നിർമ്മാണത്തിൽ വ്യാപകമായ ക്രമക്കേട് നടന്നതായി തിരുവനന്തപുരം യൂണിറ്റ് ഡിവൈ.എസ്.പിയുടെ നേതൃത്വത്തിലുള്ള പരിശോധനയിൽ കണ്ടെത്തി.

ആറുവർഷത്തിൽ താഴെ പഴക്കമുള്ള കെട്ടിടങ്ങൾ പലതും ചോർന്നൊലിക്കുകയാണ്. മിക്കമുറികളിലും ടൈൽസ് പൊട്ടിയിളകി. മേൽക്കൂരകൾ കാറ്റിൽ പറന്നുപോയതായും കണ്ടെത്തി. അറ്റകുറ്റപണികൾക്ക് ഫണ്ട് ലഭ്യമല്ലാത്തതാണ് പ്രശ്നകാരണമെന്ന് കെ. പി. എച്ച്. സി. സി അധികൃതർ അറിയിച്ചു.

കെ. പി. എച്ച്. സി. സി തലപ്പത്തുണ്ടായിരുന്ന ഐ. പി. എസ് ഉന്നതരും കരാറുകാരുമായുള്ള ഒത്തുകളിയാണ് നിർമ്മാണത്തിലെ പാളിച്ചകൾക്ക് കാരണമെന്നാണ് വിജിലൻസിന്റെ വിലയിരുത്തൽ.

നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കാൻ കെ. പി. എച്ച്. സി. സി അധികൃതർക്ക് വിജിലൻസ് കത്തു നൽകി.

ഐരാണിമുട്ടം ഹോമിയോ കോളേജിൽ ഹെർബൽ പൂന്തോട്ടം പണിയാനായി തിരഞ്ഞെടുത്ത സ്ഥലത്തും വിജിലൻസ് പരിശോധന നടത്തി.

എ.ഐ.വൈ.എഫ് ഇന്ന് വിവേകാനന്ദ ജയന്തി ആഘോഷിക്കും

തിരുവനന്തപുരം: സി. പി. ഐയുടെ യുവജന പ്രസ്ഥാനമായ എ. ഐ. വൈ. എഫ് ഇന്ന് സംസ്ഥാന വ്യാപകമായി വിവേകാനന്ദ ജയന്തി ആഘോഷിക്കുമെന്ന് സംസ്ഥാന പ്രസിഡന്റ് ആർ. സജിലാൽ, സെക്രട്ടറി മഹേഷ് കക്കത്ത് എന്നിവർ അറിയിച്ചു. ഇതിന്റെ ഭാഗമായി സാംസ്കാരിക സദസുകളും സംവാദങ്ങളും പ്രഭാഷണ പരിപാടികളും നടത്തും.

ഇരുൾവീഴും മുമ്പേ കൂട്ടായ്മയിൽ സംസാരിക്കുന്ന മുൻമന്ത്രി എം.എ. ബേബി

കമലിനും എം.ടിക്കുമെതിരെ നീണ്ടത് വർഗീയ ഘാതക സംഘത്തിന്റെ വിഷക്കത്തികൾ: എം.എ. ബേബി

കൊടുങ്ങല്ലൂർ: അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ നാവറുക്കാനുള്ള വർഗീയ ഘാതക സംഘത്തിന്റെ വിഷക്കത്തികളാണ് കമലിനും എം. ടിക്കുമെതിരെ നീണ്ടതെന്ന് മുൻമന്ത്രി എം.എ. ബേബി പറഞ്ഞു. കേരള ചലച്ചിത്ര അക്കാഡമി ചെയർമാൻ കമലിന് ജന്മനാടിന്റെ ഐക്യദാർഢ്യം പ്രകടിപ്പിക്കാൻ കൊടുങ്ങല്ലൂർ കൂട്ടായ്മ സംഘടിപ്പിച്ച ഇരുൾ വീഴും മുമ്പേയെന്ന പരിപാടിയിൽ സംസാരിക്കുകയായിരുന്നു എം.എ. ബേബി.

ഇത് പിടിച്ചുവാങ്ങി വിഷം തുടച്ചു നീക്കാനും വിഷപ്പല്ലുകൾ പറിച്ചെറിയാനുമുള്ള ശേഷി കേരളീയർക്കുണ്ടെന്ന് തെളിയിച്ച പാരമ്പര്യമുള്ള മണ്ണാണിവിടമെന്നും അദ്ദേഹം പറഞ്ഞു. സംഘപരിവാർ ശക്തികൾ പ്രചരിപ്പിക്കുന്നതല്ല ഇന്ത്യൻ ദേശീയതയെന്ന് സി. പി. ഐ നേതാവ് ബിനോയ് വിശ്വം പറഞ്ഞു. രാഷ്ട്രത്തിന്റെ മതം എന്നൊന്ന് ഇന്ത്യയ്ക്കില്ല. ദേശീയതയുടെ പേരിൽ പാകിസ്ഥാനിലെ ജനസംഖ്യ കൂട്ടിക്കൊടുക്കാൻ ചിലർ അച്ചാരം വാങ്ങിയിട്ടുണ്ടെന്ന് സംശയിക്കേണ്ടിയിരിക്കുന്നുവെന്നും ബിനോയ് വിശ്വം പറഞ്ഞു. കമലിനെയും കമാലുദ്ദീനെയുമാണ് കേരളത്തിന് ആവശ്യമെന്നും അവരെ തള്ളിപ്പറയുന്ന ശക്തികൾ ഇന്ത്യയെ ഹിന്ദു-പാകിസ്ഥാനാക്കാനാണ് ശ്രമിക്കുന്നതെന്നും വി. ടി. ബൽറാം എം. എൽ. എ പറഞ്ഞു. നഗരസഭാ ചെയർമാൻ സി. സി. വിപിൻചന്ദ്രന്റെ അദ്ധ്യക്ഷതയിൽ എം. എൽ. എമാരായ പ്രൊഫ. കെ. യു. അരുണൻ, അഡ്വ. വി. ആർ. സുനിൽകുമാർ, ഇ. ടി. ടൈസൻ മാസ്റ്റർ, സാഹിത്യ അക്കാഡമി പ്രസിഡന്റ് വൈശാഖൻ, സാറാ ജോസഫ്, കെ. വേണു, ലാൽ ജോസ്, ആഷിക്ക് അബു, റീമാ കല്ലിങ്കൽ, സജിതാ മഠത്തിൽ, ഷാഹിന, ബിജി പാൽ, ആർ. ഉണ്ണി, പ്രേംലാൽ, സലാം ബാപ്പു, ജി. പി. രാമചന്ദ്രൻ, സുനിൽ പി. ഇളയിടം, എൻ. എം. പിയേഴ്സൺ, പി. എൻ. ഗോപികൃഷ്ണൻ, ബനേഷ്, ശീതൾ, മധുജനാർദ്ദനൻ, എൻ. മാധവൻകുട്ടി തുടങ്ങിയവർ സംസാരിച്ചു. കൺവീനർ കെ. ആർ. ജൈത്രൻ സ്വാഗതവും ടി. എം. നാസർ നന്ദിയും പറഞ്ഞു.

നോട്ട് നിരോധനം മൂലം തൊഴിൽ പ്രതിസന്ധിയിലായ സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപവായ്പ പിരിവുകാർക്ക് ഇടക്കാല ആശ്വാസം പ്രഖ്യാപിക്കുക എന്നാവശ്യപ്പെട്ട് കോ-ഓപറേറ്റീവ് ബാങ്ക്സ് ഡെപ്പോസിറ്റ് കളക്ടേഴ്സ് അസോസിയേഷൻ കേരളയുടെ നേതൃത്വത്തിൽ നടത്തിയ സെക്രട്ടേറിയറ്റ് ധർണയുടെ ഉദ്ഘാടനം കെ. മുരളിധരൻ എം. എൽ. എ നിർവഹിക്കുന്നു

ടെക്നോളജി

ടെക് കൗമുദി
സൈബർ വാതായനം

മത്സരം മുറുകുന്ന ടെക്‌ലോകം തന്ത്രങ്ങളുമായി കമ്പനികൾ

ടെലികോം കമ്പനികൾ തമ്മിലുള്ള ശീതയുദ്ധം കടുക്കുന്നതോടെ ടെക്‌ലോകത്ത് ഇനി ഉപയോക്താവിന് മികച്ച അവസരമായിരിക്കും എന്നാണ് വിപണി വിദഗ്ധർ പറയുന്നത്. 4ജിയുടെ കടന്നുവരവാണ് 2016ൽ ടെലികോം മേഖലയെ സജീവമാക്കിയത്.

ഫ്രീ ഇന്റർനെറ്റ്, നെറ്റ് തുല്യത തുടങ്ങിയ വിഷയങ്ങളും കഴിഞ്ഞ വർഷം ചർച്ചയായിരുന്നു.

എന്നാൽ ഇന്റർനെറ്റ് സമത്വം സംബന്ധിച്ച് ട്രായിയും കേന്ദ്ര സർക്കാരും നിലപാട് വ്യക്തമാക്കിയതോടെ താത്കാലികമായി ചർച്ച അവസാനിച്ചു.

അതേസമയം അമേരിക്കയെ മറികടന്ന് ലോകത്ത് ഏറ്റവും കൂടുതൽ പേർ മൊബൈൽ ഉപയോഗിക്കുന്ന രണ്ടാമത്തെ രാജ്യമായി ഇന്ത്യ മാറിയത് 2016ലാണ്. ഈ വളർച്ച രാജ്യത്തെ ടെലികോം ഓപ്പറേറ്റർമാർ എങ്ങനെ ഉപയോഗപ്പെടുത്തും എന്ന കൗതുകം ടെലികോം മേഖലയിലുള്ളവർക്കുണ്ട്. 4ജി എന്നത് ജിയോയും അവരോട് മത്സരിക്കുന്ന ടെലികോം കമ്പനികളുമായി പരിണമിക്കുന്നതാണ് 2016ന്റെ അവസാനം ടെക്‌ലോകം കണ്ടത്.

മാർച്ച് വരെ ഫ്രീ ഡാറ്റ കോൾ പദ്ധതിയുമായി എത്തുന്ന ജിയോ അതിന് ശേഷം 10 കോടിയിലേക്ക്കുതിക്കുന്നതങ്ങളുടെ ഉപഭോക്താക്കളെ എങ്ങനെ പരിഗണിക്കുമെന്നതാണ് മറ്റൊരു കാര്യം.

ജിയോ ഈ രീതിയിൽ ഓഫറുകൾ ലഘൂകരിക്കുന്നത് അടുത്തവർഷം മികച്ച ഓഫറുകൾ ഉപയോക്താവിന് നൽകാൻ മറ്റ് ടെലികോം ഓപ്പറേറ്റർമാരെ പ്രേരിപ്പിക്കും എന്നാണ് വിപണിയുടെ പ്രതീക്ഷ.

ഫാബ് 2 ഇന്ത്യൻ വിപണിയിൽ

ലെനോയുടെ ഫാബ് 2 പ്ലസ് ഇന്ത്യൻ വിപണിയിലെത്തി. 14,999 രൂപയാണ് വില. 6.4 ഇഞ്ച് ഫുൾ എച്ച്ഡി കർവ്ഡ് ഗ്ലാസ് ഡിസ്പ്ലേയുള്ള ഫാബ് 2 പ്ലസിന് പൂർണമായും ലോഹ നിർമ്മിത ബോഡിയാണ്.

1.3 ഗിഗാഹെർട്സ് ഒക്ടാകോർ മീഡിയാടെക് പ്രൊസസർ ഉപയോഗിക്കുന്ന ഫാബ്‌ലെറ്റിന് മൂന്ന് ജിബിയാണ് റാം കപ്പാസിറ്റി. ഇന്റേണൽ മെമ്മറി 32 ജിബി. 128 ജിബി വരെ ശേഷിയുള്ള മൈക്രോ എസ്ഡി കാർഡിട്ട് മെമ്മറി വിപുലീകരിക്കാനാകും.

ദീർഘനേരം പ്രവർത്തന സമയം നൽകുന്ന 4,050 എംഎഎച്ച് ബാറ്ററിയാണ് ലെനോവോ ഫാബ്ലെറ്റിന്. ലെനോവോയുടെ വൈബ് യൂസർ ഇന്റർഫേസോടുകൂടിയ ആൻഡ്രോയ്ഡ് 6.0 മാർഷ്മെല്ലോ ഓപ്പറേറ്റിംഗ് സിസ്റ്റമുള്ള ഫാബ് 2 പ്ലസിൽ രണ്ട് സിം കാർഡ് ഇടാം.

ഫോർ ജി കണക്ടിവിറ്റിയുണ്ട്. ഫോട്ടോഗ്രഫി പ്രേമികൾക്കായി 13 മെഗാപിക്സലിന്റെ രണ്ട് കാമറകൾ ഫാബ്ലെറ്റിന്റെ പിൻഭാഗത്ത് നൽകിയിട്ടുണ്ട്. എട്ട് മെഗാപിക്സലിന്റെ മുൻ കാമറ വീഡിയോ കോളിങ്ങിനും സെൽഫിയെടുക്കാനും ഉപയോഗിക്കാം. ഇൻബിൽറ്റ് 360 ഡിഗ്രി വോയ്സ് ഫീച്ചർ ഫാബ് 2 പ്ലസിനുണ്ട്. ചുറ്റുപാടിലെ അനാവശ്യ ശബ്ദങ്ങൾ ഒഴിവാക്കി വ്യക്തതയോടെയുള്ള സ്പീക്കർ ഫോൺ സംസാരം ഇതു സാദ്ധ്യമാക്കും.

360 ഡിഗ്രി ശബ്ദനിലവാരത്തോടെ വീഡിയോ റെക്കോർഡ് ചെയ്യാൻ സഹായിക്കുന്ന സംവിധാനമാണിത്. ഫോർ ജി കൂടാതെ വൈഫൈ, ബ്ലൂടൂത്ത് 4.0, ജിപിഎസ് എന്നീ കണക്ടിവിറ്റി ഓപ്ഷനുകളുമുണ്ട്.

ആക്സിലറോമീറ്റർ, ആംബിയന്റ് ലൈറ്റ് സെൻസർ, ഗൈറോസ്കോപ്പ്, പ്രോക്സിമിറ്റി സെൻസർ, മാഗ്നെറ്റോമീറ്റർ എന്നിവ ഫാബ്ലെറ്റിന്റെ സെൻസറുകളിൽപ്പെടുന്നു.

അസ്യൂസിന്റെ സെൻഫോൺ എആർ അവതരിപ്പിച്ചു

അസ്യൂസ് തങ്ങളുടെ പുതിയ ഫ്ലാഗ്ഷിപ് സ്മാർട്ട് ഫോൺ അസ്യൂസ് എആർ അവതരിപ്പിച്ചു. ലാസ് വേഗസിൽ നടന്ന കൺസ്യൂമർ എക്സിബിഷനിലാണ് ടെക് ലോകത്തെ അമ്പരിപ്പിച്ച പ്രഖ്യാപനം അസ്യൂസ് നടത്തിയത്.

8 ജിബി റാം ഉൾപ്പെടുത്തിട്ടുള്ള ആദ്യ സ്മാർട്ട്ഫോണാണ് അസ്യൂസ് എആർ എന്നതാണ് പ്രധാന പ്രത്യേകത. ഗൂഗിൾടാംഗോ എന്നഓഗ്മെന്റ്റിയാലിറ്റി പ്രോഗ്രാമും, വിർച്ച്വൽ റിയാലിറ്റി സോഫ്റ്റ്വെയറായഡെയ്ഡ്രീമുംഇതിനോടൊപ്പം ഇറങ്ങിയിട്ടുണ്ട്.

ഇതോടൊപ്പം തന്നെ 5000 എംഎഎച്ച് കരുത്തുള്ള അസ്യൂസ് 3 സൂം എന്ന ഫോണും അസ്യൂസ് ഇറക്കിയിട്ടുണ്ട്. എട്ട് ജിബി റാം ശേഷിയുള്ള ഫോണിന് പുറമേ 6 ജിബി റാം മോഡലും സെൻഫോൺ എആറിന് ഉണ്ടാകും. ഹോം ബട്ടണിലാണ് ഫിംഗർ പ്രിന്റ് സ്കാനർ സെൻഫോൺ എആറിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ക്വാൽകോം സ്നാപ്ഡ്രാഗൺ വേർഷനിലെ ഏറ്റവും കരുത്തുറ്റ ക്വാൽകോം സ്നാപ്ഡ്രാഗൺ 821 പ്രോസസറാണ് സെൻഫോൺ എആറിന് ഉണ്ടാകുക. കൂടാതെ വേഫർ ഗ്ലിംഗ് സിസ്റ്റം ഫീച്ചറും സെൻഫോൺ എആറിൽ നൽകുന്നുണ്ട്.

23 മെഗാപിക്സൽ പ്രൈമറി കാമറയും 8 മെഗാപിക്സൽ സെക്കൻഡറി കാമറയുമുണ്ട്. 2017ന്റെ രണ്ടാം പാദത്തോടെ മാത്രമായിരിക്കും ലോക വിപണിയിലേക്ക് ആൻഡ്രോയ്ഡിന്റെ ഏറ്റവും പുതിയ പതിപ്പിൽ ഫോൺ എത്തുക.

skype™
സ്കൈപ്പിന്റെ പുതിയ ഫീച്ചർ
ഏത് ഭാഷക്കാരോടും സംസാരിക്കാം
ഭാഷ അറിയില്ലെന്ന് പേടിച്ച് ഇനി ആരോടും മിണ്ടാതിരിക്കേണ്ട. സ്കൈപ്പിന്റെ പുതിയ ഫീച്ചർ വഴി ഏത് ഭാഷക്കാരോടും ഇനി അനായാസം സംസാരിക്കാം.
മറ്റുഭാഷകളിലുള്ള സംസാരം സ്വന്തം ഭാഷയിലേക്ക് മാറ്റുന്ന ഫീച്ചറായ റിയൽ ടൈം ട്രാൻസ്ലേഷൻ സ്കൈപ്പാണ് അദ്യമായി അവതരിപ്പിച്ചത്. ഇപ്പോഴിതാ ലാൻഡ് ലൈനിലേക്കും മൊബൈൽ ഫോണിലേക്കും വിളിക്കുന്ന കോളുകൾക്കും ഈ ഫീച്ചർ ലഭ്യമാക്കിയിരിക്കുകയാണ്.
ഒമ്പതു സംസാര ഭാഷകളാണ് സ്കൈപ് ഇപ്പോൾ ഈ പാക്കേജിൽ ഉൾപ്പെടുത്തിരിക്കുന്നത്. ഇംഗ്ലീഷ്, സ്പാനിഷ്, ഫ്രഞ്ച്, ജർമൻ, ചൈനീസ്, ഇറ്റാലിയൻ, പോർച്ചുഗീസ്, അറബിക്, റഷ്യൻ എന്നീ ഭാഷകളിലാണ് മൊഴിമാറ്റം ലഭിക്കുന്നത്. ഏറ്റവും പുതിയ സ്കൈപ് ആപ്പ് അപ്ഗ്രേഡ് ചെയ്യുന്നവർക്ക് ഈ ഫീച്ചർ ലഭിക്കും.